## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4768 | 28.06.2013-ൽ മറുപടി പറയേണ്ടിയിരുന്നത് |

**വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ജീവിത സുരക്ഷ ലക്ഷ്യമിട്ട് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ജീവിത സുരക്ഷ ലക്ഷ്യമിട്ട് സാമൂഹ്യ ക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം ആനുകൂല്യങ്ങളും പരിഗണനകളുമാണ് ഇവർക്ക് ലഭിക്കുന്നതെന്നും ഇവ എവിടെ നിന്നുമാണ് ലഭിക്കുന്നതെന്നും പറയാമോ; ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ എപ്രകാരം അപേക്ഷ നൽകണമെന്നു വ്യക്തമാക്കുമോ; | (എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 18-നും 50-നും മധ്യേ പ്രായമുള്ള വിധവകളുടെ പുനരധിവാസം ലക്ഷ്യമിട്ട് വിധവാ പുനർവിവാഹധനസഹായ പദ്ധതിയായ 'മംഗല്യ'-യും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുൾപ്പെടുന്ന വനിതാഗൃഹനാഥകളുടെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികളും വിധവാ പെൻഷൻ പദ്ധതിയും സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖേനയാണ് മംഗല്യ പദ്ധതിയുടെ ധനസഹായം ലഭിക്കുന്നത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർ വഴി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകാവുന്നതാണ്. വിധവ പെൻഷനുള്ള നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് സമർപ്പിക്കേണ്ടത്. ടി സ്ഥാപനം വഴിയാണ് പെൻഷൻ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും.<br>മംഗല്യ പദ്ധതിക്ക് 2009-2010 സാമ്പത്തിക വർഷത്തിനുശേഷം ധനസഹായം നൽകിയിട്ടില്ല. |
| (ബി) ജോലിയുള്ളവരും ഇല്ലാത്തവരുമായ വിധവകളുടെയും ഭർത്താവ് ഉപേക്ഷിച്ചവരുടെയും മക്കൾക്ക് വിദ്യാഭ്യാസ വായ്പ പലിശ രഹിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) ജോലിയുള്ളവരും ഇല്ലാത്തവരുമായ വിധവകളുടെയും ഭർത്താവ് ഉപേക്ഷിച്ചവരുടെയും മക്കൾക്ക് വിദ്യാഭ്യാസ വായ്പ പലിശ രഹിതമായി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) സർക്കാർ സർവ്വീസിലും അർദ്ധ സർക്കാർ സർവ്വീസിലുമുള്ള വിധവകൾക്കും ഭർത്താവ് ഉപേക്ഷിച്ചവർക്കും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നു പറയുമോ; ഇവർക്ക് സർവ്വീസ് കൂടുതൽ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | (സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾക്കാണ് സർക്കാർ ആനുകൂല്യം നൽകുന്നത്. വിധവകൾക്ക് സർവ്വീസ് കൂടുതൽ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

Jayasree

സെക്ഷൻ ഓഫീസർ